# പിതൃതർപ്പണ പുണ്യവുമായി കേരളത്തിലെ കാശി

മൂവാറ്റുപുഴയ്ക്കടുത്ത ആനിക്കാട് തിരുവുംപ്ലാവിൽ മഹാദേവക്ഷേത്രം കാശീതീർത്ഥ പ്രവാഹത്തിന്റെ പുണ്യവുമായി പരശ്ശതം പിതൃക്കൾക്ക് മോക്ഷഭൂമിയായി പരിലസിക്കുന്നു.

പിതൃമോക്ഷമേകുന്ന ശിവചൈതന്യം നിറഞ്ഞ, ഭാരതത്തിലെ തന്നെ അപൂർവ്വം ക്ഷേത്രങ്ങളിലൊന്നായ ഇവിടെ സ്വയംഭൂവായ ശ്രീപരമേശ്വര പാർവ്വതീസുബ്രഹ്മണ്യചൈതന്യം ഒരു ശ്രീകോവിലിൽ ഒരു പീഠത്തിൽ കുടികൊള്ളുന്നു. കാശീതീർത്ഥ പ്രവാഹവുമായി ബന്ധപ്പെട്ട ഐതിഹ്യം ഇങ്ങനെയാണ്.

**നിത്യവും പിതൃതർപ്പണം നടക്കുന്ന അപൂർവ്വം ക്ഷേത്രങ്ങളിലൊന്നായ ഇവിടെ അമാവാസിതോറും തിലഹോമവും സായൂജ്യപൂജയും പിതൃശുദ്ധിക്രിയകളും പ്രതിമാ സമർപ്പണവും നടക്കുന്നുണ്ട്.**

വളരെക്കാലങ്ങൾക്കുമുമ്പ് കാശീയാത്രയ്ക്കുള്ള മാർഗ്ഗമദ്ധ്യേ ഈ പ്രദേശത്ത് എത്തിച്ചേർന്ന രണ്ടു ബ്രാഹ്മണർ രോഗാതുരയായ ഒരു പശുവിനെ കാണുകയും മനസ്സലിഞ്ഞ ഒരാൾ അതിനെ ശുശ്രൂഷിക്കാൻ തീരുമാനിക്കുകയും ചെയ്തുവത്രെ. അപരൻ യാത്ര തുടർന്നു. ബ്രാഹ്മണന്റെ ദീർഘനാളത്തെ ശുശ്രൂഷകൊണ്ട് പശു പൂർണ്ണസുഖം പ്രാപിച്ചു. സുഹൃത്തുമൊരുമിച്ചുള്ള കാശീയാത്ര മുടങ്ങിയതിലെ ദുഃഖം, ശ്രേഷ്ഠമായ ഒരു ഗോമാതാവിന്റെ ജീവൻ രക്ഷിച്ചതിലുള്ള ആത്മസംതൃപ്തിയായി അനുഭവിച്ചുകൊണ്ട് പശുവിനെ തലോടിക്കൊണ്ടിരുന്ന ബ്രാഹ്മണൻ തന്റെ മുൻപിൽ, പശുവിന്റെ കുളമ്പ് കൊണ്ട് പാറയിൽ ഒരു വിടവുണ്ടാവുകയും അതിലൂടെ ജലം പ്രവഹിക്കുന്നത് കാണുകയും ചെയ്തു. അത്ഭുതപ്പെട്ടുപോയ അദ്ദേഹത്തിനുമുൻപിൽ പത്നീസമേതനായി സാക്ഷാൽ കാശീവിശ്വനാഥൻ പ്രത്യക്ഷനായി ഇങ്ങനെഅരുളിച്ചെയ്തു. 'ഹേ, ബ്രാഹ്മണോത്തമാ, ഇത് യഥാർത്ഥ കാശീതീർത്ഥം തന്നെയാണ്. ശ്രീപാർവ്വതിയെ ഗോമാതാവിന്റെ രൂപത്തിൽ നാം അയച്ചതാണ്. നമ്മുടെ പരീക്ഷണത്തിൽ അങ്ങ് വിജയിച്ചിരിക്കുന്നു. സഹജീവി സ്നേഹമാണ് യഥാർത്ഥ ഭക്തി എന്ന് മാലോകർക്ക് അങ്ങ് കാട്ടിക്കൊടുത്തു. ഈ തീർത്ഥത്തിൽ സ്നാനം ചെയ്ത് പിതൃകർമ്മങ്ങൾ ഇവിടെത്തന്നെ നടത്തുക. കാശിയിലേതിനു തുല്യമായ എല്ലാ ഫലങ്ങളും അങ്ങേയ്ക്കും ഇവിടെ പിതൃതർപ്പണം ചെയ്യുന്നവർക്കും ഉണ്ടാകുന്നതാണ്. മംഗളം ഭവിക്കട്ടെ!'

ഭഗവത്വചനങ്ങൾ പാലിച്ച് അദ്ദേഹം അവിടെ കർമ്മങ്ങൾ പൂർത്തിയാക്കി ശിവലോകം പ്രാപിച്ചു. യോഗീശ്വര സങ്കൽപ്പത്തിൽ തീർത്ഥക്കരയിൽ അദ്ദേഹത്തെ പ്രതിഷ്ഠിച്ചിരിക്കുന്നു. കാശീതീർത്ഥത്തിന്റെയും യോഗീശ്വരന്റെയും സാന്നിദ്ധ്യംമൂലം തീർത്ഥക്കര ബലിതർപ്പണത്തിന് പ്രാധാന്യമുള്ളതായിത്തീർന്നു. നിത്യവും പിതൃതർപ്പണം നടക്കുന്ന അപൂർവ്വം ക്ഷേത്രങ്ങളിലൊന്നായ ഇവിടെ അമാവാസിതോറും തിലഹോമവും സായൂജ്യപൂജയും പിതൃശുദ്ധിക്രിയകളും പ്രതിമാ സമർപ്പണവും നടക്കുന്നുണ്ട്. ശിവരാത്രിക്കും കർക്കിടകവാവിനും പതിനായിരക്കണക്കിനാളുകൾ ഇവിടെ പിതൃതർപ്പണത്തിനായെത്തുന്നു. തീർത്ഥസ്ഥാനത്ത് ബലിയിട്ട് ക്ഷേത്രത്തിലെത്തി സ്വയംഭൂവായ ശ്രീപരമേശ്വര പാർവ്വതീ സുബ്രഹ്മണ്യന്മാരെ തൊഴുത് പ്രാർത്ഥിച്ചാൽ പിതൃക്കൾക്ക് മോക്ഷവും തങ്ങൾക്ക് ശ്രേയസ്സുമുണ്ടാവുമെന്ന് ഭക്തജനങ്ങൾ ഉറച്ചു വിശ്വസിക്കുന്നു.



**ഈ വർഷത്തെ ശിവരാത്രി മഹോത്സവത്തിനായി ക്ഷേത്രവും തീർത്ഥക്കരയും ഒരുങ്ങിക്കഴിഞ്ഞു.**
**ശിവരാത്രി ദിവസമായ മാർച്ച് 10 ന് രാത്രി 12 മണി മുതൽ തീർത്ഥക്കരയിൽ ബലിഇടീൽ ആരംഭിക്കും.**

## അന്വേഷണങ്ങൾക്കും വഴിപാടുകൾക്കും



THIRUVUMPLAVIL DEVASWOM
MUVATTUPUZHA P.O.
ERNAKULAM DIST., KERALA - 686 661
PHONE : 0485 - 2831071, 9048105395
www.keralakashi.org
E-mail : manager@keralakashi.org

THIRUVUMPLAVIL DEVASWOM
A/C Number : 50200000269592
HDFC BANK, Muvattupuzha Branch
IFSC Code: HDFC0001486